"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - വയനാട് ജില്ലയിലെ പനമരം ഗ്രാമപഞ്ചായത്തിലെ അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട് റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. അബ്ദുൾ നാസർ റ്റി.-ക്കെതിരെ സ്വീകരിച്ചുവരുന്ന അച്ചടക്കനടപടി - കേരള സർവീസ് ചട്ടങ്ങളിലെ ഭാഗം III ചട്ടം 59(d) പ്രകാരമുള്ള ഔപചാരിക അന്വേഷണം- അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1662/2025/LSGD തീയതി,തിരുവനന്തപുരം, 04-07-2025

പരാമർശം:-

1. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന്റെ 26.08.2020-ലെ CTPVIG 652/2018 നമ്പർ റിപ്പോർട്ട്
2. ചീഫ് എഞ്ചിനീയറുടെ 09.02.2021-ലെ ഇ20/14468/ 2020/സി.ഇ./ത.സ്വ.ഭ.വ. നമ്പർ കുറ്റപത്രം/കുറ്റാരോപണ പത്രിക.
3. റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. അബ്ദുൾ നാസർ റ്റി.-യുടെ പ്രതിവാദപത്രിക
4. 13.12.2021-ലെ EWA2/44/2020-LSGD നമ്പർ കാരണം കാണിക്കൽ നോട്ടീസ്

**ഉത്തരവ്**

വയനാട് ജില്ലയിലെ പനമരം ഗ്രാമപഞ്ചായത്തിലെ അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന്റെ പരാമർശം (1) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. അബ്ദുൾ നാസർ റ്റി.-ക്ക് ചീഫ് എഞ്ചിനീയർ പരാമർശം (2) കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകുകയും ആയതിന് കുറ്റാരോപിതൻ പരാമർശം (3) പ്രതിവാദപത്രിക ലഭ്യമാക്കുകയുമുണ്ടായി.

2. ശ്രീ. അബ്ദുൾ നാസർ റ്റി. അസിസ്റ്റന്റ് എഞ്ചിനീയറായി 31.05.2019-ൽ സേവനത്തിൽ നിന്ന് വിരമിച്ചതിനാൽ, ടിയാളുടെ പ്രതിമാസ പെൻഷനിൽ നിന്ന് 500/- രൂപ സ്ഥിരമായി കുറവ്ചെയ്യാതിരിക്കുന്നതിന് കേരള സർവീസ് ചട്ടങ്ങളിലെ ഭാഗം III ചട്ടം 59(d)-യുടെ അടിസ്ഥാനത്തിൽ പരാമർശം (4) കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ നാല് വർഷങ്ങൾക്ക് ശേഷവും കുറ്റാരോപിതൻ ഒപ്പിട്ട കൈപ്പറ്റ് രസീത്, ടിയാളുടെ പ്രതിവാദപത്രിക എന്നിവ ലഭ്യമായിട്ടില്ല.

3. നടപടിക്രമങ്ങളുടെ ഭാഗമായി വയനാട് ജില്ലയിലെ പനമരം ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിരുന്ന റിട്ട. അസിസ്റ്റന്റ്എഞ്ചിനീയർ ശ്രീ. അബ്ദുൾ നാസർ റ്റി. (PEN-

383186)-ക്കെതിരെ കേരള സർവീസ് ചട്ടങ്ങളിലെ ഭാഗം III ചട്ടം 59(d) പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി കല്പറ്റ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ശ്രീരാഗ് ആർ.കെ. (PEN-685397)-യെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാകുന്നു.

4 . **അന്വേഷണ ഉദ്യോഗസ്ഥൻ ഔപചാരിക അന്വേഷണത്തിന്റെ എല്ലാ നടപടിക്രമങ്ങളും പാലിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

1. ശ്രീ. ശ്രീരാഗ് ആർ.കെ. (PEN-685397), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കല്പറ്റ ബ്ലോക്ക്പഞ്ചായത്ത്, വയനാട്
2. ശ്രീ. അബ്ദുൾ നാസർ റ്റി. (PEN-383186), റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ, പനമരം ഗ്രാമപഞ്ചായത്ത്, വയനാട്

   **(1, 2 ത.സ്വ.ഭ.വ. പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
5. സ്റ്റോക്ക് ഫയൽ (EWA2/44/2020-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 05-07-2025 14:52:56
സെക്ഷൻ ഓഫീസർ